⇨ *കലാപം നടന്നിട്ടും അറസ്റ്റുചെയ്യപ്പെട്ടവർ സംഭവസ്ഥലത്ത് വച്ചുതന്നെ വിട്ടയയ്ക്കപ്പെട്ടു* ⇨

പശ്ചിമഘട്ട സംരക്ഷണം: സംവാദം തുടരുന്നു...

# ആദിവാസി, ദളിത് വിഭാഗങ്ങളും ഗാഡ്ഗിൽ റിപ്പോർട്ടും

കേരളത്തിലെ കീഴാള സമൂഹങ്ങൾ ദീർഘകാലമായി ഉന്നയിക്കുന്ന ഭൂമിയുടെ പുനർവിതരണം എന്ന ആവശ്യത്തെ അംഗീകരിച്ചാൽ മാത്രമെ ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസനം സാധ്യമാകൂ. തോട്ടങ്ങളെ ഈ രീതിയിൽ നിലനിർത്തിക്കൊണ്ട് പശ്ചിമഘട്ടം സംരക്ഷിക്കാം എന്ന് കരുതുന്നത് നടക്കുന്ന കാര്യമല്ല. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ കീഴാളപക്ഷ വായന.

**സണ്ണി. എം. കപിക്കാട്**

2013 നവംബർ 24ന് തിരുവനന്തപുരം പ്രസ്ക്ലബിൽ വച്ച് നടന്ന 'ഗാഡ്ഗിൽ റിപ്പോർട്ടും ദളിത് ആദിവാസി ജന വിഭാഗങ്ങളും' എന്ന സെമിനാറിൽ നടത്തിയ പ്രഭാഷണം.

**ഗാഡ്ഗിൽ**-കസ്തൂരിരംഗൻ റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന അക്രമപ്രവർത്തനങ്ങളും സംഘടിതമായ കുറ്റകൃത്യങ്ങളും ജനക്കൂട്ടത്തിന്റെ കേവലമായ രോഷ പ്രകടനമാണെന്ന് വിശ്വസിക്കാൻ നിവൃത്തിയില്ല. മറിച്ച് കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹിക അജണ്ടയെ മാറ്റിത്തീർക്കുന്നതിനുള്ള സംഘടിതമായ ശ്രമമായിരുന്ന ഈ അക്രമങ്ങൾ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. സ്വതന്ത്ര കേരളം കണ്ടതിൽ വച്ച് ഏറ്റവും വിപുലമായ കുറ്റകൃത്യമാണ് ഈ റിപ്പോർട്ടുകൾക്കെതിരെയുള്ള സമരത്തിന്റെ ഭാഗമായി നടന്നത്. രാവിലെ ആരംഭിച്ച് പാതിരാത്രി വരെ നീണ്ടുനിന്ന തുടരെ തുടരെയുള്ള അതിക്രമങ്ങൾ. പോലീസ് ജീപ്പും വനംവകുപ്പ് ഓഫീസും പോലും കത്തിക്കപ്പെട്ടു. എന്നിട്ടും ഗുരുതരമായ ഒരു കുറ്റകൃത്യം നടന്നിരിക്കുന്നു എന്ന തോന്നൽ പോലുമില്ലാത്ത ഒരു സമൂഹം എന്ന നിലയിൽ കേരളം ജീവിക്കുന്നു എന്നത് ജനാധിപത്യത്തിന് നേരെയുള്ള വെല്ലുവിളിയായാണ് കരുതേണ്ടത്. സമാനമായ അക്രമങ്ങളൊന്നുമില്ലാത്ത സമരങ്ങൾ പോലും കേരളത്തിലെ ദളിത്-ആദിവാസി വിഭാഗങ്ങളുടെ നടന്നപ്പോഴെല്ലാം അവരെ രാജ്യദ്രോഹികളും ദേശവിരുദ്ധരും വിഘടനവാദികളുമായി ചിത്രീകരിക്കുന്നതിനും വെടിവച്ചുവീഴ്ത്തുന്നതിനും കഴിഞ്ഞിട്ടുള്ള സർക്കാറാണ് കേരളത്തിലേത്. അതേ സർക്കാറിന് മുന്നിൽത്തന്നെ 18 മണിക്കൂർ കലാപം നടന്നിട്ടും അറസ്റ്റുചെയ്യപ്പെട്ടവർ സംഭവസ്ഥലത്ത് വച്ചുതന്നെ വിട്ടയയ്ക്കപ്പെട്ടു എന്നത് ജനാധിപത്യത്തിന് ഹിതകരമായ കാര്യമല്ല. സംഘടിത കുറ്റകൃത്യങ്ങളിലൂടെ അവർ മറച്ചുവയ്ക്കാൻ ശ്രമിക്കുന്നത് കേരളത്തിന്റെ ഭാവിക്കായി പരിഗണിക്കപ്പെടേണ്ട ഗാഡ്ഗിൽ റിപ്പോർട്ട് ആണ് എന്നതാണ് അതിലേറെ ഗുരുതരമായ പ്രശ്നം.

പശ്ചിമഘട്ടം സംരക്ഷിക്കാൻ സർക്കാറിന് എന്തെങ്കിലും താത്പര്യമുണ്ടെങ്കിൽ ഉറപ്പായും പരിഗണിക്കപ്പെടേണ്ടത് ഗാഡ്ഗിൽ റിപ്പോർട്ടാണ് എന്നത് തർക്കമില്ലാത്ത കാര്യമാണ്. രണ്ട് റിപ്പോർട്ടുകളും താരതമ്യം ചെയ്യുന്ന ആർക്കും ബോധ്യമാകുന്ന കാര്യമാണത്. കഴിഞ്ഞ നൂറ്റാണ്ടിലും അതിന് മുമ്പുള്ള നൂറ്റാണ്ടുകളിലും പശ്ചിമഘട്ടത്തിൽ നടന്നിട്ടുള്ള നിരവധിയായ കുടിയേറ്റങ്ങളും അതിക്രമങ്ങളും ഇനിയും അതേപടി തുടരാനാകില്ലെന്നും അത്തരത്തിൽ നമുക്ക് മുന്നോട്ട് പോകാൻ കഴിയില്ലെന്നുമുള്ള അടിസ്ഥാന വസ്തുത

⇨ *മൃഗപരിപാലനത്തെക്കുറിച്ച് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്ന നിർദ്ദേശവും പലരും വളച്ചൊടിച്ചു* ⇨



പശ്ചിമഘട്ട സംരക്ഷണ സമിതി 2014 ജനുവരി 8ന് നടത്തിയ സെക്രട്ടേറിയറ്റ് മാർച്ച്

യാണ് ഗാഡ്ഗിൽ പറയുന്നത്. പശ്ചിമഘട്ട സംരക്ഷണം എങ്ങനെയാകണം എന്നതിന് കൃത്യമായ മാനദണ്ഡങ്ങളും ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നുണ്ട്. എന്തുകൊണ്ട് പശ്ചിമഘട്ടം ഒരു പരിസ്ഥിതി ദുർബല പ്രദേശമായി പരിഗണിക്കപ്പെടണം എന്നതിനും ശാസ്ത്രീയമായ ഉത്തരം റിപ്പോർട്ട് നൽകുന്നുണ്ട്. മർമ്മ പ്രധാനമായ മൂന്ന് കാര്യങ്ങളാണ് റിപ്പോർട്ടിൽ ഞാൻ എടുത്തുപറയാൻ ഉദ്ദേശിക്കുന്നത്. 1. പരിസ്ഥിതിയെ പരിഗണിക്കാത്ത വികസന പ്രക്രിയ ഇനിയുള്ള കാലത്ത് അസാധ്യമാണ്. 2. ഭരണകൂടം നടത്തുന്ന വികസന പ്രവർത്തനങ്ങളെല്ലാം തദ്ദേശീയ ജനതയുടെ അഭിപ്രായം പരിഗണിച്ചുകൊണ്ടുള്ളതായിരിക്കണം. 3. പശ്ചിമഘട്ട പ്രദേശത്തെ വിഭവങ്ങളുടെ വിതരണത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തണം എന്നിവയാണ് അക്കാര്യങ്ങൾ. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് നാം ചർച്ച ചെയ്യേണ്ട പ്രധാന നിർദ്ദേശങ്ങൾ വേറെയുമുണ്ട് റിപ്പോർട്ടിൽ. ഏകവിളത്തോട്ടങ്ങൾ ഒഴിവാക്കണം എന്നതും ജൈവകൃഷിയിലേക്ക് ക്രമേണ മാറണം എന്നതും പ്രധാന നിർദ്ദേശങ്ങളാണ്. കീടനാശിനി പ്രയോഗത്തെ തുടർന്ന് കേരളത്തിലെ പുഴകളിലേക്ക് പശ്ചിമഘട്ട പ്രദേശത്ത് നിന്നും ഒഴുകിയെത്തുന്ന വിഷം ഒഴിവാക്കാനായി മുന്നോട്ട് വച്ച നിർദ്ദേശം പാലിക്കാൻ തയ്യാറാകാത്തവർ കേരളത്തെ വിഷം കുടിപ്പിച്ച് കൊല്ലും എന്നുറപ്പിച്ചവരാണ്. മൃഗപരിപാലനത്തെക്കുറിച്ച് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്ന നിർദ്ദേശവും പലരും വളച്ചൊടിച്ചു. രണ്ട് പശുവിൽ കൂടുതൽ വളർത്താൻ അനുവദിക്കില്ലെന്ന വാദമാണ് പലരും പറഞ്ഞുപരത്തിയത്. സങ്കരയിനം പശുവിനെ ഇറക്കുമതി ചെയ്ത് കൃത്രിമമായ കാലിത്തീറ്റ കൊടുത്ത് വളർത്തുകയല്ല വേണ്ടത്, മറിച്ച് പശുവിന് പുല്ലു തിന്നാൻ പറ്റുന്ന സാഹചര്യമുണ്ടാക്കുകയാണ് വേണ്ടത് എന്നാണ് ഗാഡ്ഗിൽ റിപ്പോർട്ട് മൃഗപരിപാലനത്തെക്കുറിച്ച് പറയുന്നത്. കേരളത്തിലെ തേയില തോട്ടങ്ങളിൽ പണിയെടുത്തിരുന്ന തൊഴിലാളികൾക്ക് പശുവിനെ വളർത്തി, മേയ്ക്കുന്നതിനുള്ള സ്ഥലം തോട്ടങ്ങളിൽ തന്നെ ഒരുകാലത്തുണ്ടായിരുന്നു. എന്നാൽ ഏകവിളത്തോട്ടങ്ങൾ വ്യാപകമായതോടെ പുല്ല് മേയ്ക്കാനുള്ള സ്ഥലം കുറയുകയും തോട്ടമുടമകൾ അതിന് അനുമതി നിഷേധിക്കുകയും ചെയ്തു. പശുവിന്റെ എണ്ണത്തിൽ കാര്യമായ കുറവുണ്ടാകാൻ ഇത് കാരണമായിട്ടുണ്ട്. ഈ പ്രതിസന്ധിയിൽ നിന്നും കരകയറാനുള്ള മാർഗ്ഗത്തെക്കുറിച്ചാണ് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നത്. 500ൽ അധികം പശുക്കളെ വളർത്തുന്ന വൻകിട ഫാമുകൾക്ക് പകരം ചെറുകിട ഫാമുകൾക്ക് പ്രോത്സാഹനം നൽകണമെന്നാണ് റിപ്പോർട്ട് പറയുന്നത്. രണ്ട് പശുവിനെയെങ്കിലും വളർത്തുന്നവരുടെ വീട്ടിൽ ബയോഗ്യാസ് പ്ലാന്റിന് സർക്കാർ ധനസഹായം നൽകണമെന്നും പറയുന്നുണ്ട്. രണ്ട് പശുവിൽ അധികം വളർത്താൻ അനുവദിക്കില്ലെന്ന് പറയുന്നത് എവിടെയെന്ന് എനിക്ക് കാണാൻ കഴിഞ്ഞില്ല.

ആദിവാസി വിഭാഗത്തെ സംബോധന ചെയ്തുകൊണ്ട്, 1996ലെ പെസ ആക്ട് കർശനമായി നടപ്പിലാക്കണമെന്നും വനാവകാശം നിയമം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കണമെന്നും പറയുന്നുണ്ട്. വനംവകുപ്പാണ് ഗാഡ്ഗിൽ റിപ്പോർട്ടിൽ മുഖ്യമായും വിമർശനത്തിന് വിധേയമാകുന്നത് എന്ന കാര്യവും ശ്രദ്ധേയമാണ്. ഇന്ത്യയിലെ കാടുകൾ നശിച്ചതിന്റെ ഉത്തരവാദിത്തത്തിൽ നിന്നും പിന്മാറാൻ വനംവകുപ്പിന് കഴിയില്ലെന്ന് ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്നുണ്ട്. കള്ളക്കണക്കുകളാണ് വനവിസ്തൃതിയെക്കുറിച്ച് അവർ നാളുകളായി മുന്നോട്ട് വയ്ക്കുന്നത്. അളന്നുനോക്കുമ്പോൾ പലതും ശരിയല്ലെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. കടുവകളുടെ എണ്ണത്തെക്കുറിച്ചും ഇതേ കള്ളക്കണക്ക് നിരത്തിയിട്ടുണ്ട്. തെറ്റിദ്ധരിപ്പി

ക്കുന്ന വസ്തുതകൾ വച്ചുകൊണ്ടാണ് വനം വകുപ്പ് ഭരണം തുടരുന്നത്. അതിന് ഒരു തിരുത്തൽ വേണമെന്നതാണ് ഗാഡ്ഗിൽ റിപ്പോർട്ട് ഉദ്ദേശിക്കുന്നത്.

പശ്ചിമഘട്ട സംരക്ഷണം ഏറ്റെടുക്കാൻ കഴിയണമെങ്കിൽ നമ്മുടെ മനോഭാവത്തിൽ മാറ്റമുണ്ടാകണമെന്നും ജനാധിപത്യത്തെക്കുറിച്ചുള്ള സങ്കൽപ്പത്തിൽ മാറ്റമുണ്ടാകണമെന്നുമാണ് ഗാഡ്ഗിൽ പറഞ്ഞുവയ്ക്കുന്നത്. വിഭവങ്ങളുടെ മേൽ എല്ലാ ജനവിഭാഗങ്ങൾക്കും അവകാശമുണ്ടാവുകയാണ് അതിന് വേണ്ടതെന്ന വീക്ഷണവും റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഗാഡ്ഗിൽ റിപ്പോർട്ട് വേണമോ കസ്തൂരിരംഗൻ റിപ്പോർട്ട് വേണമോ എന്ന ചർച്ചയിലല്ല നമ്മൾ ഇടപെടേണ്ടത്, മറിച്ച് ഗാഡ്ഗിൽ റിപ്പോർട്ട് എന്തുകൊണ്ട് നടപ്പിലാക്കപ്പെടണം എന്ന സംവാദത്തിലാണ്.

> അട്ടപ്പാടിയിലെ മലനിരകളിലേക്ക് കോട്ടയത്തെ സുറിയാനി ക്രിസ്ത്യാനി കുടിയേറിയെത്തിയപ്പോൾ അവിടെയുള്ള സ്വാഭാവിക പ്രകൃതിക്ക് മേൽ പ്രയോഗിക്കപ്പെടുന്ന വളരെ അദൃശ്യമായ ഒരു ഹിംസയുണ്ട്. അത്തരത്തിലുള്ള അദൃശ്യ ഹിംസയിലൂടെയാണ് കിഴക്കൻ മലയോരങ്ങളിലെല്ലാം കുടിയേറ്റക്കാർ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചെടുത്തത്.

**ദളിത്-ആദിവാസി പക്ഷം**

ദളിത്-ആദിവാസി ജനവിഭാഗങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിൽ തങ്ങളുടെ പങ്ക് എന്താകണം എന്നതിനെക്കുറിച്ചല്ല സംസാരിക്കേണ്ടത്. മറിച്ച്, ദളിതർക്കും ആദിവാസികൾക്കും പശ്ചിമഘട്ട സംരക്ഷണത്തെക്കുറിച്ച് പറയാനുള്ള കാര്യങ്ങൾ മുന്നോട്ട് വയ്ക്കുകയാണ് വേണ്ടത്. എന്തുകൊണ്ടാണ് ഈ റിപ്പോർട്ട് കേരളത്തിൽ മാത്രം ഇത്രയധികം വിവാദങ്ങൾക്ക് കാരണമായിത്തീർന്നു എന്ന കാര്യം ആലോചിച്ചുകൊണ്ട് തുടങ്ങാം. 2012 നവംബർ 13ന് കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറത്തിറക്കിയ ഒരു ഉത്തരവാണ് കേരളത്തിൽ വലിയ രീതിയിലുള്ള സംഘർഷങ്ങൾക്ക് കാരണമായിത്തീർന്നത്. എന്താണ് കൊട്ടിയൂരും താമരശ്ശേരിയും ഇടുക്കിയുമെല്ലാം കത്താൻ വേണ്ടി ഈ ഉത്തരവ് പറഞ്ഞിട്ടുള്ളത്? കസ്തൂരിരംഗൻ റിപ്പോർട്ട് സമർപ്പിച്ച 2012 ഏപ്രിൽ 17ന് ശേഷം ലഭിച്ചിട്ടുള്ള എല്ലാ ഖനനാപേക്ഷകളും നിരസിക്കുക. ക്വാറിയിംഗും പാറമണലൂറ്റലും താപവൈദ്യുത നിലയങ്ങളും 20,000 സ്ക്വയർ മീറ്ററിൽ കൂടുതൽ വലിപ്പമുള്ള കെട്ടിടങ്ങളും പശ്ചിമഘട്ടത്തിലെ പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ അനുവദിക്കാൻ പാടില്ല. അതീവ ഗുരുതരമായ മലിനീകരണമുണ്ടാക്കുന്ന റെഡ് കാറ്റഗറി വ്യവസായങ്ങൾ അനുവദിക്കാൻ പാടില്ല. തുടങ്ങിയ കാര്യങ്ങളാണ് വനം-പരിസ്ഥിതി മന്ത്രാലയം ആദ്യഘട്ടമായി പുറത്തിറക്കിയ ഉത്തരവിൽ പറഞ്ഞിരുന്നത്. ഇത്തരത്തിലുള്ള ഒരു ഉത്തരവ് പുറത്തുവന്നതിന്റെ പശ്ചാത്തലത്തിലാണ് ഭരണ-പ്രതിപക്ഷ കക്ഷികളുടെ പിന്തുണയോടെ ഭീകരതയുടെ വിളയാട്ടം കേരളത്തിൽ നടന്നത്. ഈ ഉത്തരവിനെ അധികരിച്ചാണ് വീടുവയ്ക്കാൻ അനുവദിക്കില്ലെന്ന് മെത്രാൻ പരസ്യമായി പ്രസ്താവിച്ചത്. ഈ സംഭവങ്ങൾ വിമോചന സമര കാലത്തെയാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. കമ്മ്യൂണിസ്റ്റുകാർ ഭരിച്ചാൽ അവർ പള്ളിയെല്ലാം പിടിച്ചെടുത്ത് പാർട്ടി ഓഫീസാക്കും എന്ന് ഭീതി പടർത്തിക്കൊണ്ടാണ് വിമോചന സമരം നയിക്കപ്പെട്ടത്. സമാനമായ രീതിയിലുള്ള കുപ്രചരണങ്ങളാണ് ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ടുകൾക്കെതിരെയും പ്രചരിപ്പിക്കപ്പെട്ടത്.

**കുടിയേറ്റത്തിലെ അദൃശ്യഹിംസ**

ഈ നുണകൾക്ക് ഒരു രാഷ്ട്രീയമുണ്ടെന്ന് നമ്മൾ മനസ്സിലാക്കണം. രാമൻ ബാബറി മസ്ജിദ് നിൽക്കുന്ന സ്ഥലത്താണ് ജനിച്ചതെന്ന് രഥയാത്ര നടത്തിയ അദ്വാനി പോലും വിശ്വസിക്കുന്നുണ്ടാകില്ല. കൃത്യമായ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ പടച്ചുവിടപ്പെട്ട ഒരു നുണയാണ് രാമജന്മഭൂമി. സങ്കുചിതമായ രാഷ്ട്രീയ ലക്ഷ്യങ്ങളുള്ള, സമാനമായ നുണയാണ് ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് കേരളത്തിൽ പ്രചരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. പശ്ചിമഘട്ടം കടന്നുപോകുന്ന സംസ്ഥാനങ്ങൾക്കെല്ലാം ബാധകമായ റിപ്പോർട്ട് കേരളത്തിൽ മാത്രം വിവാദമായതിന് പിന്നിലും ഇതേ രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടെന്ന് കാണാൻ കഴിയും. ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിന്റെ കിഴക്കൻ മലയോരങ്ങളിലേക്ക് നടന്നിട്ടുള്ള ആഭ്യന്തര കുടിയേറ്റവുമായി ഇന്നത്തെ വിവാദങ്ങൾക്ക് അഭേദ്യമായ ബന്ധമുണ്ട്. പശ്ചിമഘട്ടത്തിന്റെ ശിഥിലീകരണത്തിൽ ഈ കുടിയേറ്റങ്ങൾക്ക് ഒരു നിർണ്ണായകമായ പങ്കുണ്ട്. കുടിയേറ്റക്കാരാണ് പശ്ചി

മഘട്ടം നശിപ്പിച്ചതെന്ന് പറയുകയല്ല. എന്നാൽ കുടിയേറ്റം എന്ന പ്രക്രിയയിൽ അടങ്ങിയിരിക്കുന്ന ഹിംസയെ കാണാതിരിക്കുന്നത് കണ്ണടച്ച് ഇരുട്ടാക്കലാകും.

അട്ടപ്പാടിയിലെ മലനിരകളിലേക്ക് കോട്ടയത്തെ സുറിയാനി ക്രിസ്ത്യാനി കുടിയേറിയെത്തിയപ്പോൾ അവിടെയുള്ള സ്വാഭാവിക പ്രകൃതിക്ക് മേൽ പ്രയോഗിക്കപ്പെടുന്ന വളരെ അദൃശ്യമായ ഒരു ഹിംസയുണ്ട്. അത്തരത്തിലുള്ള അദൃശ്യ ഹിംസയിലൂടെയാണ് കിഴക്കൻ മലയോരങ്ങളിലെല്ലാം കുടിയേറ്റക്കാർ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചെടുത്തത്. വെറുമൊരു ട്രങ്കുപെട്ടിയുമായി കുടിയേറിവന്ന്, അധ്വാനിച്ച് കാശുണ്ടാക്കിയെന്ന് വീമ്പു പറയുന്നവർ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. അവർ കുടിയേറിയത് കേവലം ഒരു ട്രങ്കുപെട്ടിയുമായി മാത്രമായിരുന്നില്ല. അവരറിയാതെ അവരോടൊപ്പം കുടിയേറിയ വലിയ ഒരു മൂലധനമുണ്ട്. പള്ളിയുടെയും കേരള കോൺഗ്രസിന്റെയുമെല്ലാം രൂപത്തിലുള്ള മൂലധനം. ആ മൂലധനത്തിന്റെ പിൻബലത്തിലാണ് കുടിയേറ്റക്കാർക്ക് അവരുടെ ആധിപത്യം ഈ മലനിരകളിൽ സ്ഥാപിക്കാനായത്. എന്നാൽ അക്കാലത്ത് അവിടെയുണ്ടായിരുന്ന തദ്ദേശീയരായ ആദിവാസി-ദളിത് ജനവിഭാഗങ്ങൾക്ക് പിന്നിൽ അത്തരത്തിലുള്ള ഒരു മൂലധനം ഉണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ കുടിയേറ്റത്തിന്റെ മലകയറിയുള്ള വരവിൽ അവർ തോറ്റുപിന്മാറി.

കുടിയേറ്റത്തിലെ ഈ സ്വാഭാവിക ഹിംസയെ കാണാതിരിക്കുകയും സാഹസിക കർഷകരുടെ അധ്വാനത്തിന്റെ വിജയമായി മാത്രം അതിനെ മഹത്വവത്കരിക്കുകയും ചെയ്യുന്നതിൽ ചരിത്രപരമായ തെറ്റുണ്ട്. കുടിയേറ്റത്തെ കേവലം അധ്വാനം മാത്രമായി ന്യായീകരിക്കുന്ന കുടിയേറ്റക്കാരന്റെ ബുദ്ധിയിൽ യാഥാർത്ഥ്യത്തിന്റെ ഒരുപാട് കുറവുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിനെ പിൻപറ്റി കേരളത്തിലെ ആദിവാസി-ദളിത് വിഭാഗങ്ങൾ ചെയ്യേണ്ട പ്രധാനപ്പെട്ട കാര്യം ഈ ഹിംസയെ തുറന്നുകാട്ടുക എന്നതാണ്.

**ആരാണ് കർഷകർ?**

ഗാഡ്ഗിൽ-കസ്തൂരിരംഗൻ റിപ്പോർട്ട് കർഷകരെ ബാധിക്കുന്നു എന്നുപറയുമ്പോൾ ആരാണ് കർഷകർ എന്ന ചോദ്യവും പ്രധാനമായി വരുന്നുണ്ട്. വളരെ സാധാരണക്കാരയ പാവങ്ങളും ദളിതരും ആദിവാസികളും മാത്രമാണ് കേരളത്തിൽ ഇന്ന് കർഷകരായി അവശേഷിക്കുന്നത്. അവർക്കെതിരായൊന്നും ഈ റിപ്പോർട്ടുകൾ സംസാരിക്കുന്നില്ല. മലതന്നെ തുരന്നുകൊണ്ടുപോകാൻ താത്പര്യപ്പെടുന്നവരെയാണ് റിപ്പോർട്ട് ഉന്നം വച്ചതെന്ന് വ്യക്തം. അവർക്ക് സഹായകമായ നിയമങ്ങളാണ് നിലവിൽ കേരളത്തിൽ നിലനിൽക്കുന്നതെല്ലാം. ഭൂപരിഷ്കരണ നിയമത്തിൽ തോട്ടം ഭൂമിക്ക് പരിധി നിശ്ചയിച്ചില്ല എന്നതാണ് അവർക്ക് ലഭിക്കുന്ന ഏറ്റവും പ്രധാന നിയമപരിരക്ഷ. ക്വാറികൾക്കും വേനൽക്കാല വസതികൾക്കും റിസോർട്ടുകൾക്കും കോളേജുകൾക്കും യഥേഷ്ടം സ്ഥലം കണ്ടെത്തുന്നതിന് ഈ നിയമം അവർക്ക് സഹായകമായി മാറി. തോട്ടം ഭൂമിക്ക് പരിധി നിശ്ചയിക്കണമെന്ന മുദ്രാവാക്യം ആദ്യം മുന്നോട്ട് വച്ചത് കേരളത്തിലെ ആദിവാസികളാണ്. അവർ ഉന്നയിച്ച ആവശ്യം ആദിവാസികൾക്ക് ഭൂമി ലഭിക്കുന്നു എന്നതിനപ്പുറം വലിയ പാരിസ്ഥിതിക മാനങ്ങളുള്ളതായിരുന്നു എന്ന് ഗാഡ്ഗിൽ റിപ്പോർട്ടിനെ തുടർന്നുണ്ടായ സംഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു. കേരളത്തിലെ കർഷകരുടെ മുഴുവൻ ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ് കത്തോലിക്കസഭ ഗാഡ്ഗിൽ-കസ്തൂരിരംഗൻ സമരത്തിൽ ഇടപെടുന്നത്. ഇടുക്കി ജില്ലയിൽ 15 ശതമാനത്തിൽ താഴെ മാത്രമാണ് കത്തോലി



ചെങ്ങറ സമരഭൂമിയിൽ നിന്നും. *ഫോട്ടോ: അജിലാൽ*

ക്കരുടെ ജനസംഖ്യ. ആദിവാസികളുടെയും ദളിതരുടെയും ജനസംഖ്യ 52 ശതമാനമാണ്. എന്നാൽ ഭൂമിയുടെ ഏറിയ പങ്കും കൈവശം വച്ചിരിക്കുന്നത് കത്തോലിക്കരാണ്. ഈ വൈരുദ്ധ്യത്തെ എടുത്തുകാണിച്ചുകൊണ്ട്, ഞങ്ങൾ കർഷകർക്ക് വേണ്ടി സംസാരിക്കുന്നു എന്ന സഭയുടെ വാദം ചോദ്യം ചെയ്യപ്പെടണം.

**ഭൂവുടമസ്ഥത, ഭൂവിനിയോഗം**

ഗാഡ്ഗിൽ റിപ്പോർട്ടിന്റെ രണ്ടാം അധ്യായം, ഉടമസ്ഥതയുടെ അടിസ്ഥാനത്തിൽ ഭൂമിയിടെ പ്രവർത്തനങ്ങളും അതിന്റെ അടിസ്ഥാനത്തിൽ ജൈവ ആവാസവ്യവസ്ഥയിലുണ്ടാകുന്ന ആഘാതങ്ങളും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും എന്ന് പറയുന്നുണ്ട്. ഉടമസ്ഥതയുടെ രൂപമനുസരിച്ച് പരിസ്ഥിതിക്ക് മേലുണ്ടാകുന്ന ആഘാതവും വ്യത്യാസപ്പെട്ടിരിക്കും എന്ന ഗാഡ്ഗിലിന്റെ നിർദ്ദേശത്തെ വികസിതമാക്കാനാണ് കേരളത്തിലെ ആദിവാസി-ദളിത് ജനവിഭാഗങ്ങൾ ആവശ്യപ്പെടേണ്ടത്. ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്ന ഈ യുക്തിയെ, ഭൂമിയുടെ ഉടമസ്ഥതാരൂപമാണ് ഭൂമിയുടെ വിനിയോഗത്തെ നിശ്ചയിക്കുന്നതെന്ന യുക്തിയെ മുന്നോട്ട് കൊണ്ടുപോയാൽ നിലനിൽക്കുന്ന ഉടമസ്ഥതരൂപത്തിന് എന്തോ തകരാറുണ്ടെന്നും അതാണ് പശ്ചിമഘട്ടം നശിക്കാൻ കാരണമെന്നുമാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഞാൻ മുമ്പ് സൂചിപ്പിച്ച, അഞ്ഞൂറും ആയിരവും ഏക്കർ കൈവശം വയ്ക്കാനുള്ള അധികാരം എന്നതാണ് ആ തകരാറ്. ആ അധികാരം റദ്ദുചെയ്തുകൊണ്ട്, കേരളത്തിലെ കീഴാള സമൂഹങ്ങൾ ദീർഘകാലമായി ഉന്നയിക്കുന്ന ഭൂമിയുടെ പുനർവിതരണം എന്ന ആവശ്യത്തെ അംഗീകരിച്ചാൽ മാത്രമെ ഗാഡ്ഗിൽ റിപ്പോർട്ട് മുന്നോട്ട് വയ്ക്കുന്ന സുസ്ഥിര വികസനം കേരളത്തിൽ സാധ്യമാകൂ. തോട്ടങ്ങളെ ഈ രീതിയിൽ നിലനിർത്തിക്കൊണ്ട് പശ്ചിമഘട്ടം സംരക്ഷിക്കാം എന്ന് കരുതുന്നത് നടക്കുന്നകാര്യമല്ല.

**കീഴാള സമരങ്ങൾ**

പശ്ചിമഘട്ടം തകർന്നതിന് പിന്നിൽ ഭൂമിയുടെ ഉടമസ്ഥതയുടെ അമിത കേന്ദ്രീകരണമുണ്ട്. കേരളത്തിലെ ഭൂരഹിതരുടെ എണ്ണം വളരെ കൂടുതലാണെങ്കിലും ലോകത്തിൽ തന്നെ ഏറ്റവും കൂടിയ അളവിൽ ഭൂമി കൈവശം വച്ചിരിക്കുന്നവരും കേരളത്തിലാണുള്ളതെന്ന വിരോധാഭാസവും നിലനിൽക്കുന്നുണ്ട്. ഇടുക്കി ജില്ലയുടെ കാര്യം തന്നെയെടുക്കാം. ആയിരക്കണക്കിന് ആദിവാസി-ദളിത് കോളനികളുള്ള ജില്ലയാണ് ഇടുക്കി. ഈ കോളനികളെ അങ്ങനെ തന്നെ നിലനിർത്തി, പശ്ചിമഘട്ടം സംരക്ഷിക്കാം എന്ന് പറയുന്നത് അസാധ്യമായ കാര്യമാണ്. പശ്ചിമഘട്ടം സംരക്ഷിക്കണമെങ്കിൽ കോളനിയിൽ കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൃഷി ഭൂമി നൽകി, നിലവിലെ ഭൂവുടമസ്ഥതാ രൂപത്തെ മാറ്റിത്തീർക്കുകയാണ് വേണ്ടത്. വികേന്ദ്രീകൃതമായ ഭൂവുടമസ്ഥതയെക്കുറിച്ചുള്ള സങ്കൽപ്പം രൂപപ്പെട്ടുവന്നിട്ടുള്ളത് തന്നെ ഭൂമിയുടെയും വിഭവങ്ങളുടെയും മേലുള്ള അവകാശത്തിന് വേണ്ടി നടന്ന കീഴാള സമൂഹങ്ങളുടെ സമരങ്ങളിൽ നിന്നാണ്. അതുകൊണ്ടാണ് ഭൂവുടമസ്ഥതയെയും ആവാസവ്യവസ്ഥയിലെ ആഘാതങ്ങളെയും കുറിച്ച് ഗാഡ്ഗിൽ റിപ്പോർട്ട് പറയുന്ന കാര്യത്തെ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നത് കേരളത്തിലെ ആദിവാസി-ദളിത് ജനസമൂഹത്തിനാണെന്ന് പറയുന്നത്.

**കുടിയിറക്കലിന്റെ കാലം**

ഇരുപതാം നൂറ്റാണ്ട് കുടിയേറ്റത്തിന്റെ കാലമായിരുന്നെങ്കിൽ ഇരുപത്തൊന്നാം നൂറ്റാണ്ട് കുടിയറക്കത്തിന്റെയും കുടിയിറക്കലിന്റെയും കാലമാണ്. ഗൾഫിൽ നിന്നും ആളുകൾ തിരിച്ചെത്തുന്നത് സാങ്കേതിക പ്രശ്നമായാണ് നമ്മൾ മനസ്സിലാക്കുന്നത്. അമ്പതുകളിൽ കേരളത്തിൽ നിന്നും കടൽനീന്തിയെത്തിയവരെ കൈപിടിച്ചുകയറ്റിയ ഗൾഫ് നാടുകളാണ് ഇന്ന് അവരെ പിടികൂടി വിമാനത്തിൽ കയറ്റി കേരളത്തിലേക്ക് പറഞ്ഞയയ്ക്കുന്നത്. വിഭവാധികാരത്തെക്കുറിച്ച് ലോകത്തിൽ പൊതുവായി നിലനിൽക്കുന്ന ബോധക്രമം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായാണ് ഗൾഫിൽ നിന്നും മലയാളികൾ കുടിയിറക്കപ്പെടുന്നത്. വിഭവത്തിന്റെ ഉപയോഗത്തെക്കുറിച്ചും നിയന്ത്രണത്തെക്കുറിച്ചുമുള്ള പുതിയ ബോധക്രമത്തിലേക്ക് നാമെത്തേണ്ടതുണ്ട് എന്നതിന്റെ സൂചനയായാണ് ഈ കുടിയിറക്കലിനെ മനസ്സിലാക്കേണ്ടത്. കുടിയിറക്കലിന്റെ രാഷ്ട്രീയകാലത്ത് കുടിയേറ്റക്കാർ അവരുടെ അവകാശ സ്ഥാപനത്തിനായി ഇപ്പോൾ നടത്തുന്ന അതിക്രമങ്ങൾ തികച്ചും അപഹാസ്യമാണ്. സ്വകാര്യ ഭൂമി ഞങ്ങൾ ഇഷ്ടമുള്ളതുപോലെ വിനിയോഗിക്കും എന്ന അവരുടെ ധാർഷ്ട്യമാണ് ചോദ്യം ചെയ്യപ്പെടേണ്ടത്. ഭൂപ്രകൃതിയും സാഹചര്യങ്ങളും മനസ്സിലാക്കാതെ ഇടപെട്ടുകൊണ്ടും ഭൂവുടമസ്ഥതാ രൂപത്തെ പുനഃക്രമീകരിച്ചുകൊണ്ടും മുന്നോട്ട് പോകാൻ കഴിയില്ലെന്നാണ് കുടിയിറക്കത്തിന്റെ രാഷ്ട്രീയകാലം വിളിച്ചുപറയുന്നത്. ■